കേരള സർക്കാർ

സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - അങ്കണവാടി പരിശീലന പദ്ധതി - അങ്കണവാടി ഹെൽപ്പർമാർക്കു ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു

വനിത ശിശു വികസന(ബി)വകുപ്പ്

**G.O.(Rt)302/2025/WCDD** **Dated,26/06/2025**

എ.എസ് നമ്പർ : AS/WCD/25/42382 കാലാവധി : 31/03/2026

പരാമർശം:- 1 വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 06/06/2025 തീയതിയിലെ DWCD/2023/2025-ICDSB8 നമ്പർ കത്ത്

2. 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

AS/WCD/25/42382

ഉത്തരവ്

NGO-കളുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടി പരിശീലന കേന്ദ്രങ്ങൾ, മിഡിൽ ലെവൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ മുഖേന അങ്കണവാടി വർക്കർ, ഹെൽപ്പർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്ക് തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലനം പൂർത്തീകരിച്ച രണ്ടു വർഷം കഴിയുമ്പോൾ റിഫ്രഷർ പരിശീലനവും നടത്തി വന്നിരുന്നു. അങ്കണവാടിയിൽ എത്തുന്ന കുഞ്ഞുങ്ങളുടെ സമഗ്രവികസനത്തിന് ശാസ്ത്രീയമായ പരിചരണം ആവശ്യമാണ്. ആയതിനാൽ അങ്കണവാടി ഹെൽപ്പർമാരെ അത്തരത്തിൽ രൂപപ്പെടുത്തേണ്ടതുണ്ട്. പുതിയതായി സേവനത്തിൽ പ്രവേശിക്കുന്ന അങ്കണവാടി ഹെൽപ്പർമാർക്ക് നൈപുണ്യ വികസനത്തിനുള്ള തൊഴിൽ പരിശീലനം നൽകേണ്ടത് സംസ്ഥാനത്തെ അങ്കണവാടികളുടെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്. നിലവിൽ സംസ്ഥാന ഫണ്ട് വിനിയോഗിച്ച് ഹെൽപ്പർമാർക്കുള്ള റിഫ്രഷർ, ഓറിയന്റേഷൻ ട്രെയിനിംഗുകൾ സംഘടിപ്പിച്ചു വരുകയാണ്. 2025-26 സാമ്പത്തിക വർഷവും ഹെൽപ്പർമാർക്കുള്ള ഓറിയന്റേഷൻ ട്രെയിനിംഗ് നടത്താവുന്നതാണ്.

(2) ഇംപ്ലിമെന്റേഷൻ

- അങ്കണവാടി ഹെൽപ്പർമാർക്കുള്ള ട്രെയിനിംഗ് നടത്തുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിലും കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ചും വകുപ്പിലെ പ്രോഗ്രാം ഓഫീസർമാർ ജില്ലാതലത്തിലെ സംവിധാനങ്ങൾ ഉപയോഗിച്ചു കൊണ്ടും ട്രെയിനിംഗ് നടത്താവുന്നതാണ്.
- ട്രെയിനിംഗ് മൊഡ്യൂളിന്റെ അടിസ്ഥാനത്തിലും കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ചും അങ്കണവാടി പ്രവർത്തകർ കൈകാര്യം ചെയ്യുന്ന വിഷയമേഖലകളിലെ വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പുവരുത്തി ട്രെയിനിംഗ് നല്കുന്നതിനായി പ്രോഗ്രാം ഓഫീസർമാർ ഷെഡ്യൂൾ തയ്യാറാക്കേണ്ടതാണ്. ഷെഡ്യൂൾ തയ്യാറാക്കുമ്പോൾ റിസോഴ്സ് പേഴ്സൺസിനെ നിശ്ചയിക്കാവുന്നതും, റിസോഴ്സ്പേഴ്സൺന്റെ ഒരു പൂൾ തയ്യാറാക്കേണ്ടതുമാണ്. വിഷയമേഖലകളിലെ പ്രഗൽഭരായവരെ ഗസ്റ്റ് facultyകളായി പരമാവധി ഉപയോഗപ്പെടുത്തുക.
- ട്രെയിനിംഗ് കാലയളവിലേക്ക് മാത്രമായി ഹാളുകൾ/കെട്ടിടങ്ങൾ വാടകക്കെടുത്തു ട്രെയിനിംഗ് നടത്താവുന്നതാണ്.
- ട്രെയിനിംഗ് നടത്തുന്നതിന് ആവശ്യമായ മുഴുവൻ ഭൗതിക സാഹചര്യങ്ങളും – പങ്കെടുക്കുന്നവരുടെ താമസ സൗകര്യം ഉൾപ്പെടെ ജില്ലാ തലങ്ങളിൽ ഉറപ്പാക്കുന്നതാണ്.
- പതിനാലു ജില്ലകളിലെയും LSGD പ്രൊജക്ട് implementation ഇല്ലാത്ത ഒരു CDPO-യ്ക്കോ, പ്രോഗ്രാം ഓഫീസർക്ക് ഉചിതമെന്നു തോന്നുന്ന മറ്റൊരു ഉദ്യോഗസ്ഥനോ അതാതു ജില്ലകളിലെ ട്രെയിനിംഗിന്റെ ചുമതല നൽകാവുന്നതാണ്.
- ട്രെയിനിംഗിനായി വേണ്ടി വരുന്ന ചെലവ് ഡയറക്ടറേറ്റിൽ നിന്നും പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കുന്നതും, ട്രെയിനിംഗ് നടത്തിപ്പ്, ബിൽ സെറ്റിൽമെന്റുകൾ എന്നിവ ജില്ലാ തലങ്ങളിൽ തന്നെ പൂർത്തീകരിക്കുന്നതുമാണ്. SOE, UC എന്നിവ ഡയറക്ടറേറ്റിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതാണ്.
- അങ്കണവാടി പ്രവർത്തകർക്ക് ട്രെയിനിംഗ് നല്കുന്നതിനായി നിയോഗിക്കപ്പെടുന്ന ഇൻസ്ട്രക്ടർമാരുടെ/റിസോഴ്സ് പേഴ്സൺസിന്റെയും പ്രവർത്തനം സമയാസമയങ്ങളിൽ വിലയിരുത്തേണ്ടതും (Monitor) ട്രെയിനിംഗ് റിപ്പോർട്ട് നൽകേണ്ടതുമാണ്.

(3) അങ്കണവാടി ഹെൽപ്പർമാരുടെ പരിശീലനം നൽകുന്നതിനുള്ള തുക 2235-02-102-41 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഓറിയന്റേഷൻ ട്രെയിനിംഗിന് വേണ്ടി വരുന്ന ട്രെയിനിംഗ് സംബന്ധമായ ചെലവ്, ട്രെയിനിംഗ് നടത്തുന്ന കാലയളവിലെ കെട്ടിടവാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, ഓണറേറിയം, വാട്ടർ ചാർജ്ജ് തുടങ്ങിയവ മേൽ ശീർഷകത്തിൽ നിന്നും നല്കാവുന്നതാണ്.

(4) ഹെൽപ്പർമാർക്കുള്ള ഓറിയന്റേഷൻ ട്രെയിനിംഗിന്റെ ബാച്ച് സൈസ്, കാലയളവ്,

ASWCD/25/42382

ഒരു ബാച്ചിന് വേണ്ടി വരുന്ന തുക എന്നിവ ചുവടെ ചേർക്കുന്നു.

ഹെൽപ്പർ (8 ദിവസത്തേയ്ക്ക് 50 പേർക്ക്)

| Sl. No. | Item | Rate | Total Amount |
|---|---|---|---|
| 1. | Food | 350 including GST *50*8 | 1,40,000/- |
| 2. | TA | 500/- per Trainee | 25,000/- |
| 3. | Honorarium to Guest speaker | 1000/- per session (upto 20 sessions) | 20,000/- |
| 4. | Training Materials | 250/- per trainee*50 | 12,500/- |
| 5. | Field Visit | 5000/- | 5000/- |
| 6. | Contingency | 3000/- | 3000/- |
| | **Total** | | **2,05,500/-** |

(5) ആയത് പ്രകാരം ഈ വർഷം നടത്താവുന്ന 44 ബാച്ച് ട്രെയിനിംഗിന് (അങ്കണവാടികൾ കൂടുതലുള്ള Kozhikode, Malappuram ജില്ലകൾക്ക് 4 ബാച്ച് വീതവും, മറ്റു ജില്ലകൾക്ക് 3 ബാച്ച് വീതവും) ആവശ്യമായി വരുന്ന ഫണ്ട് ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | ബാച്ചുകളുടെ എണ്ണം | ഒരു ബാച്ചിന് വേണ്ടി വരുന്ന തുക | ആകെ തുക |
|---|---|---|---|---|
| 1. | അങ്കണവാടി ഹെൽപ്പർമാർക്കുള്ള ഓറിയന്റേഷൻ (Kozhikode, Malappuram ജില്ലകൾക്ക് 4 ബാച്ച് വീതവും, മറ്റു ജില്ലകൾക്ക് 3 ബാച്ച് വീതവും) | 44 ബാച്ച് | 2,05,500/- (Food, TA, Honorarium to Guest speakers, Training Materials, Field visit) | 90,42,000/- (2,05,500/- * 44) |
| 2 | കെട്ടിട വാടക, ഇലക്ട്രിസിറ്റി ചാർജ്, ഓണറേറിയം തുടങ്ങിയ ഇനങ്ങളിൽ ഫിക്സഡ് കോസ്റ്റ് ആയി വേണ്ടി വരുന്ന തുക (ഒരു ബാച്ചിന് 20000 രൂപ നിരക്കിൽ) | 14 ജില്ലകൾക്ക് അനുവദിക്കുന്ന തുക | Rs. 20,000/ബാച്ച് (Rent of Building, Electricity Charge, Water Charge, Communication including Fax, Internet etc) | 8,80,000/- (20000 രൂപ* 44 ബാച്ചുകൾ) |
| | ആകെ തുക | | | **99,22,000/-** |

(6) കേന്ദ്ര സർക്കാർ അങ്കണവാടി പരിശീലന പദ്ധതി നിർത്തലാക്കിയെങ്കിലും അങ്കണവാടി പ്രവർത്തകരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് തുടർച്ചയായ പരിശീലനം ആവശ്യമാണ്. അങ്കണവാടി ഹെൽപ്പർമാർക്കുള്ള ഓറിയന്റേഷൻ ട്രെയിനിംഗിന് വേണ്ടി വരുന്ന തുകയായ 99,22,000/- രൂപ 2025-26 സാമ്പത്തിക വർഷത്തെ 2235-02-102-41 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(7) 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

AS/WCD/25/42382

(8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കണവാടി ഹെൽപ്പർമാർക്കുള്ള ഓറിയന്റേഷൻ ട്രെയിനിംഗിനായി വനിത ശിശു വികസന ഡയറക്ടർ പരാമർശം(1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ തുകയായ **₹ 99,22,000/-**(തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി ഇരുപത്തി രണ്ടായിരം) രൂപ 2235-02-102-41 (പ്ലാൻ) ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | അങ്കണവാടി പരിശീലന പദ്ധതി അങ്കണവാടി ഹെൽപ്പർമാർക്കുള്ള ഓറിയന്റേഷൻ ട്രെയിനിംഗ് | 99,22,000 |
| ആകെ (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തിഇരുപത്തി രണ്ടായിരം രൂപ) | | **99,22,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

Women and Child Development

To
വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന(എ)വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by Santhoshkumar T K
Date:2025.06.28 04:58:31 +05:30

AS/WCD/25/42382